## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1433 — 30-01-2018 -ൽ മറുപടിക്ക്

### ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കൂടി നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. കാണാതായവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ അടിയന്തിര തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ശുപാർശ ചെയ്യുന്നതിനും ഇതിനായി നിലവിലെ നിയമവ്യവസ്ഥകളിൽ ഇളവുകൾ വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം സംബന്ധിച്ച് അടിയന്തിര തീരുമാനമെടുക്കുന്നതിനും ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന് അംഗീകാരം ലഭ്യമായാലുടൻ തന്നെ കാണാതായവരുടെ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. |
| ബി) | ഉണ്ടെങ്കിൽ ഇതിനകം എത്ര പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകി; | | |
| സി) | ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സ്വരൂപിക്കുന്ന ഫണ്ട് പൂർണ്ണമായും ഓഖി ദുരന്തത്തിന് ഇരയായ തീരദേശമേഖലയിൽ തന്നെ വിനിയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; ഫണ്ട് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേക ജാഗ്രത പുലർത്തുമോ; വ്യക്തമാക്കുമോ ? | സി) | ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ദുരിത ബാധിതർക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ